"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — കതിരൂർ ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-13 - തടസ്സപ്പെടുത്തിയ തുക- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.252/2023/LSGD തീയതി,തിരുവനന്തപുരം, 28-01-2023

പരാമർശം:-

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) ന്റെ 03.02.2022 ലെ പി എ എൻ/1507/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.11.2022 ലെ ഡി.കെ.എസ്.എ 1216/പി.റ്റി3(പി.റ്റി2)/2022 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിൽ പ്രോജക്റ്റ് നം 80/09 പ്രകാരം ലാട്രിൻ പുനരുദ്ധാരണം പദ്ധതിക്കായി ചെലവഴിച്ച 1,00,000/ രൂപ ടി പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതിനാൽ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-13 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ) ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ കതിരൂർ ഗ്രാമപഞ്ചായത്ത് നിർമ്മൽ ഗ്രാമ പുരസ്കാരം നേടിയ പഞ്ചായത്തായതിനാൽ പുതിയ ലാട്രിൻ നിർമ്മാണം എന്ന പേരിൽ പദ്ധതിക്ക് പേര് നൽകേണ്ടെന്നും ലാട്രിൻ പുനരുദ്ധാരണം എന്ന പേരിൽ പ്രോജക്റ്റ് തയ്യാറാക്കിക്കൊള്ളാൻ ജില്ലാ ശുചിത്വ മിഷനും, ഡി പി സി യും വാക്കാൽ നൽകിയിരുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നതെന്നും നിലവിലുള്ള സ്ലാബും ടാങ്കും മെയിന്റനൻസ് ചെയ്ത് പുതിയതാക്കുന്നതിനേക്കാൾ പുതിയ ലാട്രിനും ടാങ്കും നിർമ്മിക്കുന്നതാണ് ഉചിതമെന്ന് കണ്ടതിനാൽ പുതിയ നിർമ്മാണം തന്നെയാണ് നടത്തിയതെന്നതിനാലും ശുചിത്വ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു പഞ്ചായത്ത് എന്ന നിലയിലും പ്രവൃത്തി സദുദ്ദേശത്തോടുകൂടി നടത്തിയതാണെന്നും പദ്ധതി ലക്ഷ്യത്തിലെത്തിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, ഈ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പരാമർശ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ശുപാർശ ചെയ്തിട്ടുള്ളതിനാലും കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-13 ലെ പരാമർശത്തിന്

ഭാവിയിൽ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ചെലവുകൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി മാത്രമേ നിർവ്വഹണം നടത്താവൂ എന്ന നിർദ്ദേശത്തോടെ സാധൂകരണം നൽകുന്നതിൽ ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ), സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശകൾ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-13 പ്രകാരം തടസ്സപ്പെടുത്തിയ **1,00,000/- രൂപയുടെ (ഒരു ലക്ഷം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കതിരൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ